(സി) സംസ്ഥാന ജലസേചനവകുപ്പ്, വൈദ്യുതി വകുപ്പ്, വനംവകുപ്പ് എന്നിവയെ സംയോജിപ്പിച്ച് ടൂറിസം വികസനത്തിന് എന്തെങ്കിലും പദ്ധതികൾ ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിനോദസഞ്ചാര മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന വിവിധ വികസന പ്രവർത്തനങ്ങളിലൂടെ നേരിട്ടും അല്ലാതെയുമായി നിരവധി തൊഴിലവസരങ്ങൾ കേരളത്തിൽ സൃഷ്ടിക്കപ്പെടുന്നുണ്ട്. ഹോട്ടൽ വ്യവസായം, ട്രാവൽ ടൂറിസം മേഖല, ആയുർവ്വേദം, ഹൗസ് ബോട്ടുകൾ, കലാസാംസ്ക്കാരികരംഗം എന്നിങ്ങനെയുള്ളവ ഉദാഹരണങ്ങളാണ്. വിവിധ പ്രോജക്ടുകൾക്ക് അംഗീകാരവും സബ്സിഡിയും വകുപ്പ് നൽകി വരുന്നുണ്ട്. ഇതുവഴി ആയിരക്കണക്കിനാളുകൾക്ക് പല മേഖലകളിലായി തൊഴിലവസരങ്ങൾ ലഭിക്കുന്നുണ്ട്.

(സി&ഡി) വനംവകുപ്പുമായി സഹകരിച്ചുകൊണ്ട് ഇക്കോ-ടൂറിസം വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നുണ്ട്. ജലസേചന വകുപ്പുമായി സഹകരിച്ച് കനാലുകളുടെ വികസനത്തിനായി പഠനവും നടക്കുന്നുണ്ട്.

ടൂറിസം മാസ്റ്റർ പ്ലാൻ

51 (1739) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം രംഗത്ത് കഴിഞ്ഞ രണ്ട് കൊല്ലങ്ങളിലുണ്ടായ ശ്രദ്ധേയമായ നേട്ടങ്ങൾ എന്തെല്ലാം ;

(ബി) മുൻഗവൺമെന്റ് തുടങ്ങിവച്ചതിന്റെ തുടർച്ചയല്ലാതെ ഈ ഗവൺമെന്റ് ആരംഭം കുറിച്ച ടൂറിസം പദ്ധതികൾ എത്ര ; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ ഗവൺമെന്റ് ആവിഷ്ക്കരിച്ച ടൂറിസം മാസ്റ്റർ പ്ലാൻ എന്ന ആശയം ഇപ്പോഴും പ്രാബല്യത്തിലുണ്ടോ ;

(ഡി) കേരളത്തിലേയ്ക്ക് വന്ന ടൂറിസം ബുക്കിംഗുകളിൽ ഒരുശതമാനം മാത്രമേ ടൂറിസം ഡിപ്പാർട്ടുമെന്റ് കെ.ടി.ഡി.സി.ക്ക് നൽകിയിട്ടുള്ളൂ എന്ന ചെയർപേഴ്സന്റെ വിമർശനം ഗവൺമെന്റ് ഗൗരവമായി കാണുന്നുണ്ടോ ; എങ്കിൽ അതിന്റെ വസ്തുതകൾ അറിയിക്കുമോ ;

(ഇ) ആലപ്പുഴ, കുമരകം പോലെയുള്ള സ്ഥലങ്ങളിൽ വൻകിട ഹോട്ടലുകളും ഹൗസ്ബോട്ടുകളും വൻതോതിൽ പരിസ്ഥിതി നശീകരണപ്രവർത്തനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യനിർമ്മാർജ്ജനത്തിനും പരിസ്ഥിതി സംരക്ഷണത്തിനും ആവശ്യമായ ഊർജ്ജിത നടപടികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ജി) കുമരകത്തെ വൻകിട ഹോട്ടലുകൾ പഞ്ചായത്ത് നിശ്ചയിച്ച നികുതി അടയ്ക്കാൻ വിസമ്മതിക്കുകയും സർക്കാർ വകുപ്പുകളുടെ സഹായത്തോടുകൂടി പഞ്ചായത്തിന്റെ അധികാരത്തെ മറികടക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അടുത്ത 25 വർഷങ്ങളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ടൂറിസം പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് "ടൂറിസം ദർശനം 2025" എന്ന പേരിൽ ഒരു മാർഗ്ഗ രേഖയ്ക്ക് രൂപം കൊടുക്കാൻ കഴിഞ്ഞതാണ് എറ്റവും ശ്രദ്ധേയമായ നേട്ടം.

ഇടുക്കി ജില്ലയിലെ 'വാഗമണി'നെ അന്താരാഷ്ട്ര നിലവാരത്തിരുള്ള ഒരു ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനുവേണ്ടി നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഈ പ്രോജക്ടിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കി തുടർനടപടികൾ നടത്തിവരികയാണ്.

വേളിയിലെ നിർദ്ദിഷ്ട അമ്യൂസ്മെന്റ് പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങാൻ കഴിഞ്ഞതും ഇക്കാലയളവിലെ ശ്രദ്ധേയമായ നേട്ടങ്ങളിൽപ്പെടുന്നു. കൂടാതെ ദേശീയ-അന്തർദേശീയ മേളകളിൽ പങ്കെടുക്കുകവഴി കേരളാ ടൂറിസം ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെടുകയുണ്ടായി.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്.

(ഡി) പ്രസ്തുത വിമർശനം നിലനിൽക്കുന്നതല്ല. ടൂറിസം വകുപ്പ് വാണിജ്യപരമായിട്ടുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാറില്ലാത്തതിനാൽ നിലവിൽ വകുപ്പിന്റെ ഇൻഫർമേഷൻ സെന്ററുകൾ വഴി ഹോട്ടൽ ബുക്കിംഗ് നടത്തുന്നില്ല. ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങളും, നിർദ്ദേശങ്ങളും നൽകുകയാണ് വകുപ്പിന്റെ ഇൻഫർമേഷൻ ഓഫീസുകൾക്കുള്ള പ്രവർത്തനലക്ഷ്യം. എന്നാൽ വകുപ്പിൽ വരുന്ന ടൂറിസം പാക്കേജുകൾ സംബന്ധിച്ചുള്ള ഇ-മെയിൽ അന്വേഷണങ്ങൾ മുഴുവനും KTDC യിലേക്കാണ് മേൽനടപടികൾക്കായി അയയ്ക്കാറുള്ളത്.

(ഇ) ഇല്ല.

(എഫ്) ഉണ്ട്. ഇതിന്റെ ഭാഗമായി കോവളം, വർക്കല, ഫോർട്ട്കൊച്ചി എന്നിവിടങ്ങളിൽ ഇപ്പോൾതന്നെ മാലിന്യ നിർമ്മാർജ്ജന നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്.

(ജി) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly